(സി) സംസ്ഥാനത്തെ ആവശ്യമനുസരിച്ച് ചാരായം ഉണ്ടാക്കുന്നതിനുള്ള സ്പിരിറ്റ് കേന്ദ്ര മോളാസിസ് ബോർഡ് മുഖേന ലഭിക്കുന്നില്ല.

പമ്പാ റിവർ ഫാക്ടറി വാങ്ങിയ സ്പിരിറ്റ്

592 [757] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിന്റെ അനുവാദമില്ലാതെ മൂന്നുലക്ഷം ലിറ്റർ സ്പിരിറ്റ് മഹാരാഷ്ട്രയിൽനിന്നും വാങ്ങാൻ പമ്പാ റിവർ ഫാക്ടറി തീരുമാനിച്ചതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനം മൊത്തം എത്ര ലിറ്റർ സ്പിരിറ്റ് ഇങ്ങനെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്;

(സി) ഈ ഇടപാടിൽ അഴിമതികരം നടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.
(ബി) ഗവൺമെന്റിനറിയില്ല.
(സി) ഇല്ല.
(ഡി) ഉദിക്കുന്നില്ല.

അനധികൃതമായി കടത്തിക്കൊണ്ടുവന്ന സ്പിരിറ്റ്.

593 [758] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31–5–1986 വരെ എത്ര ലിറ്റർ അനധികൃതമായി കടത്തിക്കൊണ്ടുവന്ന സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്; ഈ സ്പിരിറ്റിന് എന്ത് വിലവരും;

(ബി) ഇതുമൂലം എത്ര കേസുകൾ ആരുടെയെല്ലാം പേരിൽ എടുത്തിട്ടുണ്ട്;

(സി) എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്;

(ഡി) സ്പിരിറ്റിന്റെ അനധികൃതമായ നീക്കം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 178015 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിട്ടുണ്ട്. ഈ സ്പിരിറ്റിന് 1156055 രൂപ വിലവരും.

(ബി) 27 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരോപിക്കാരുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly